# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 939** **25.01.2018 ലെ മറുപടി**

### ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ഡി. പ്രസേനൻ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| ജലവിഭവ വകുപ്പ് മൈനർ ഇറിഗേഷൻ മുഖാന്തിരം നടപ്പാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ? | 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ ഒരു പ്രവൃത്തിയും ഉൾപ്പെട്ടിട്ടില്ല. എന്നാൽ 2016-17 ൽ പ്രഖ്യാപിച്ച കുളങ്ങളുടെ പുനരുദ്ധാരണം, ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന 7 കുളങ്ങൾ നവീകരിക്കുന്നതിനായി 6.55 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ആലത്തൂർ പഞ്ചായത്തിലെ അനന്തൻ കുളം - 87,000/- രൂപ<br>2. കുഴൽമന്ദം പഞ്ചായത്തിലെ ഗണപതി ക്ഷേത്രക്കുളം - 1,22,525/- രൂപ<br>3. തേൻകുറിശ്ശി പഞ്ചായത്തിലെ പനയൻചിറ കുളം - 50,750/- രൂപ<br>4. എരിമയൂർ പഞ്ചായത്തിലെ ചാത്തംക്കുളം - 1,16,000/- രൂപ<br>5. വണ്ടായി പഞ്ചായത്തിലെ പൈതലക്കുളം - 72,500/-രൂപ<br>6. കിഴക്കൻചേരി പഞ്ചായത്തിലെ കരുമനശ്ശേരി ഗ്രാമകുളം - 1,33,400/-രൂപ<br>7. മേലാർകോട് പഞ്ചായത്തിലെ കർക്കടകക്കോട് കുളം - 72,500/- രൂപ |

സെക്ഷൻ ഓഫീസർ